## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 455 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന/ യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും, ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടി വന്നാൽ പാസ്സാക്കുന്നത് 3/4 വോട്ടിംഗ് വെയിറ്റേജിൽ ആണ്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല.<br><br>ഇതിനകം പതിമൂന്ന് ജി.എസ്.ടി കൗൺസിൽ യോഗങ്ങൾ നടന്നു കഴിഞ്ഞു. കരട് നിയമത്തിന്റെ വകുപ്പ് തിരിച്ചുള്ള വിശദമായ ചർച്ച, നഷ്ടപരിഹാര നിയമത്തെപ്പറ്റിയുള്ള ചർച്ച എന്നിവ നടന്നു വരുന്നു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | രീതിയിൽ ഒരു വോട്ടിംഗ് നിലയിലേക്ക് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.<br>പ്രസ്തുത യോഗങ്ങളിൽ തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നത് മൂലം സർക്കാരിന് ഉണ്ടാകുന്ന നികുതി നേട്ടം എത്രയാണ്; നേട്ടമില്ലെങ്കിൽ നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വത്തിൽ ലഭിക്കുമെന്നതിനാലും സേവനങ്ങളിന്മേൽ നികുതി പിരിക്കാമെന്നുള്ളതിനാലും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യത കുറവാണ്.<br>ജി.എസ്.ടി നടപ്പാകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിക്കുകയും ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി നടപ്പിലാക്കാൻ സംസ്ഥാനം എന്തെങ്കിലും നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നടപ്പാക്കാൻ സംസ്ഥാനങ്ങൾ SGST നിയമം പാസ്സാക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**